# നാനോ കാറിന് മോഡി നൽകിയത് 30,000 കോടിയുടെ സൗജന്യം

ബൈജു ജോൺ, തേജസ്

നാനോ കാർ ഫാക്ടറി സ്ഥാപിക്കാൻ ഗുജറാത്ത് സർക്കാർ ടാറ്റയ്ക്കു നൽകിയത് 30,000 കോടിയിലധികം രൂപയുടെ സബ്സിഡി. വെള്ളവും ഭൂമിയും വൈദ്യുതിയും ഗ്യാസുമുൾപ്പെടെ കോടികളുടെ സൗജന്യം. ടാറ്റയ്ക്കു വേണ്ടി നരേന്ദ്രമോഡി സർക്കാർ നൽകിയതിന്റെ രഹസ്യരേഖകളാണ് പുറത്തായിരിക്കുന്നത്.

60 ബില്യൺ ഡോളർ വാർഷികവരുമാനമുള്ള ലോക കോടീശ്വരനായ ടാറ്റയുടെ വ്യവസായ സാമ്രാജ്യത്തിന് ഗുജറാത്തിലെ വിവിധ സർക്കാർ ഏജൻസികൾ എല്ലാ നിയമങ്ങളും മറികടന്നാണു കോടികളുടെ സബ്സിഡി നൽകിയിരിക്കുന്നത്. കാർ ഫാക്ടറി സ്ഥാപിക്കാൻ 1,100 ഏക്കർ കൃഷിഭൂമി സൗജന്യനിരക്കിലും 9,750 കോടി രൂപ വെറും 0.1 ശതമാനം പലിശനിരക്കിലുമാണ് നരേന്ദ്രമോഡി ടാറ്റയ്ക്കുവേണ്ടി നൽകിയത്.

സൗജന്യനിരക്കിൽ ലഭിച്ച ഭൂമിയുടെ വില 400.65 കോടി രൂപ എട്ടു തവണകളായി അടച്ചാൽ മതി. അതും രണ്ടുവർഷത്തെ സർക്കാർ ഗ്യാരണ്ടിയിൽ. 0.1 ശതമാനം പലിശ വച്ചു നൽകിയ തുക അടച്ചുതീർക്കാൻ 20 വർഷത്തെ കാലാവധിയും അനുവദിച്ചുകൊണ്ടാണു നരേന്ദ്രമോഡി ടാറ്റയെ കുടിയിരുത്തിയത്.

ബംഗാളിൽ സ്ഥാപിച്ചിരുന്ന ഫാക്ടറി ഉപകരണങ്ങളും സംവിധാനങ്ങളും ഗുജറാത്തിലെത്തിക്കാൻ മോഡി സർക്കാർ 700 കോടി ചെലവിട്ടതിനു പുറമെ, ടാറ്റയുടെ തൊഴിലാളികൾക്ക് ടൗൺഷിപ്പ് നിർമ്മിക്കാൻ 100 ഏക്കർ ഭൂമിയും അഹമ്മദാബാദിൽ ഗുജറാത്ത് സർക്കാർ സൗജന്യമായി നൽകി. കൃഷിഭൂമി വ്യാവസായികാവശ്യങ്ങൾക്കായി മാറ്റുന്നതിനുള്ള രജിസ്ട്രേഷൻ ഫീസിൽനിന്ന് പൂർണ്ണമായും നാനോ ഫാക്ടറിക്കു വേണ്ടി സർക്കാർ ടാറ്റയ്ക്കു നൽകിയ ഭൂമിയെ ഒഴിവാക്കി.

കർഷകരിൽ നിന്ന് വ്യവസായത്തിനായി സർക്കാർ പിടിച്ചെടുത്ത ഏക്കർ കണക്കിനു ഭൂമിയാണ് സൗജന്യനിരക്കിൽ ടാറ്റയ്ക്കു രജിസ്ട്രേഷൻ ഫീസില്ലാതെ നൽകിയത്. ഫാക്ടറിയിലേക്കുള്ള കിലോമീറ്ററുകൾ ദൈർഘ്യമുള്ള റോഡ് സൗജന്യമായി നിർമ്മിച്ചു നൽകിയ ഗുജറാത്ത് സർക്കാർ, പദ്ധതിപ്രദേശത്ത് എത്തിച്ച 200 കെവി വൈദ്യുതി പൂർണമായി നികുതി വിമുക്തമാക്കി. ഫാക്ടറിയിലേക്ക് പ്രകൃതിവാതകമെത്തിക്കാൻ സർക്കാർ ചെലവിൽ പൈപ്പ്ലൈൻ വലിച്ചു. കൂടാതെ 14,000 ക്യൂബിക് മീറ്റർ വെള്ളം സൗജന്യമായി ദിനംപ്രതി ഗുജറാത്ത് സർക്കാർ നൽകുന്നു.

ഫാക്ടറിയുടെ മാലിന്യങ്ങളും സർക്കാർ തന്നെ സംസ്കരിക്കും, എല്ലാവിധ നികുതികളും നിശ്ചിത വർഷത്തേക്ക് ഒഴിവാക്കും തുടങ്ങി വഴിവിട്ട നിരവധി സൗജന്യങ്ങളാണ് ടാറ്റയുടെ നാനോ കാറിനു വേണ്ടി നരേന്ദ്രമോഡി നൽകുന്നത്. കൊട്ടിഘോഷിച്ച ഗുജറാത്ത് മോഡൽ വികസനത്തിനായി വ്യവസായ ഭീമന്മാർക്ക് പൊതുഖജനാവിൽ നിന്നു സർക്കാർ നൽകുന്നതു കണക്കില്ലാത്ത കോടികളാണെന്നതിന്റെ തെളിവാണ് ടാറ്റയുടെ നാനോ കാർ വ്യവസായം.

ടാറ്റയ്ക്ക് നാനോ കാർ ഇറക്കാൻ സർക്കാർ നൽകുന്ന സൗജന്യങ്ങളനുസരിച്ച് കാർ ഫാക്ടറിയുടെ 50 ശതമാനത്തിലധികം ചെലവു വഹിക്കുന്നത് ഗുജറാത്ത് സർക്കാരാണ്. കാർ വിപണിയിലിറക്കി ലാഭം കൊയ്യുന്നതാകട്ടെ ടാറ്റയും.

## സുപ്രീംകോടതിവിധി റിലയൻസിനെതിരെ

മഹാരാഷ്ട്രയിലെ റായ്ഗഡ് ജില്ലയാകെ കഴിഞ്ഞ വാരാന്ത്യത്തിൽ ഉത്സവാന്തരീക്ഷമായിരുന്നു. റിലയൻസ് ഇൻഡസ്ട്രീസിന് സെസ്സ് സ്ഥാപിക്കാൻ അസാദ്ധ്യമാകുന്ന സുപ്രീം കോടതിവിധി ആഘോഷിയ്ക്കുകയായിരുന്നു അവിടത്തെ കർഷകരും സാമൂഹ്യപ്രവർത്തകരും. സെസ്സിന്റെ സ്ഥലമെടുപ്പിനു വേണ്ടിയുള്ള റിലയൻസിന്റെ പ്രത്യേക അവധി അപേക്ഷ സുപ്രീം കോടതി നിരസിച്ചപ്പോൾ കർഷകരുടെ നാലു വർഷം നീണ്ട സമരപരിപാടികൾ ലക്ഷ്യം കാണുകയായിരുന്നു. ജൂൺ 8, 2009 ന് മുമ്പ് ആവശ്യമായ 10000 ഹെക്ടർ സ്ഥലത്തിനു പകരം കമ്പനിക്ക് 2151 ഹെക്ടറെ കണ്ടെത്താനായുള്ളു എന്നതാണ് കോടതിവിധിയ്ക്ക് ഹേതുവായത്.

സമരം നയിച്ച കർഷക സമരസമിതി ഈ സംഭവത്തെ ഒരു വൻവിജയമായി കണക്കാക്കുന്നു. "കോടതിയുടെ തീരുമാനം പുതുമയാർന്നതാണ്. കർഷകന് ഭീമൻ കമ്പനികളോട് എതിരിടാനുള്ള ആത്മവിശ്വാസം ഇതു നൽകുന്നു. ഇനിയും റിലയൻസ് സെസ്സ് പ്ലാനുമായി മുന്നോട്ടു പോകണമെങ്കിൽ 70% ത്തോളം ഭൂമി അവർക്ക് പണം കൊടുത്ത് വാങ്ങേണ്ടിവരും. ഇത് അസംഭവ്യമാണ്. കാരണം മണ്ണിന്റെ മക്കൾക്ക് അവരുടെ ഫലഫുഷ്ടിയായ കൃഷിസ്ഥലം സെസ്സിന് തീറെഴുതികൊടുക്കാൻ തീരെ താൽപര്യമില്ല." സമിതിയുടെ പ്രാദേശിക നേതാവ് ഉൽക്കാ മഹാജൻ ആഹ്ലാദംപൂണ്ടു. കർഷകനായ ഗോവർദ്ധൻ പാട്ടീൽ അവിടെയും നിർത്തുന്നില്ല. "സെസ്സിനെതിരെയുള്ള ജനങ്ങളുടെ ജനാധിപത്യപരമായ സമരം ഇനിയും തുടരുക തന്നെ ചെയ്യും".

*(കടപ്പാട് : ഇൻഫോചേഞ്ച് ഇന്ത്യ*
*പരിഭാഷ : കെ.ആർ. അജിതൻ)*